അതിന്റെ അഡീഷണൽ ആസ്ഥാനമാണ് പട്ടത്തുള്ളത്. എല്ലാ ആധുനിക കമ്മ്യൂണിക്കേഷൻ ബന്ധങ്ങളുമുള്ള ആസ്ഥാനമാണ്. ആ ആസ്ഥാനത്തിന് നേരെ എതിർ വശത്ത് കഴിഞ്ഞയാഴ്ച രാത്രി ഒരു കവർച്ച നടന്നു. മുൻ മുഖ്യമന്ത്രിയുടെ ചെറുമകളുടെ വീട്ടിലാണ് കവർച്ച നടന്നത്. പോലീസ് ആസ്ഥാനത്തിന് നേരെ എതിർ വശത്ത് ഒരു കവർച്ച നടന്നിട്ട് പോലീസിന് ഇതുവരെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. നാളെ ഇനി പോലീസ് ആസ്ഥാനം ഒരുമിച്ച് ആരെങ്കിലും കവർച്ച ചെയ്തുകൊണ്ട് പോയാലും ഒരു നടപടിയും സ്വീകരിക്കാൻ കഴിയാത്ത സ്ഥിതിയായിരിക്കും. പോലീസിന്റെ നയങ്ങളെക്കുറിച്ചും നിഷ്ക്രിയത്വത്തെക്കുറിച്ചും ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ബഹുമാനപ്പെട്ട ഡോ. എ. നീലലോഹിതദാസൻ നാടാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തു പോയി)

ശ്രീ. എ. എ. അസീസ്: സർ, തിരുവനന്തപുരം പട്ടണത്തിൽ ദിനംപ്രതി സംജാതമായിക്കൊണ്ടിരിക്കുന്ന നിർഭാഗ്യകരമായ സംഭവത്തെക്കുറിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ബഹുമാനപ്പെട്ട എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തു പോയി. അൽപ്പസമയത്തിനുശേഷം പുറത്തു പോയ അംഗങ്ങൾ വീണ്ടും സഭയിൽ ഹാജരായി)

## III. ശ്രദ്ധക്ഷണിക്കൽ

### (1) പാലക്കാട് ജില്ലയിലെ കുരിയാർകുറ്റി–കാരപ്പാറ ജലവൈദ്യുത പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പാലക്കാട് ജില്ലയിലെ കിഴക്കൻ മേഖലയായ ചിറ്റൂർ താലൂക്കിലെ ജലസേചന സൗകര്യം മെച്ചപ്പെടുത്തുവാൻ കഴിയുന്നതും 75 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതുമായ കുരിയാർകുറ്റി-കാരപ്പാറ ജലവൈദ്യുത പദ്ധതിയുടെ പണി അടിയന്തിരമായി ആരംഭിച്ച് പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള ശ്രദ്ധക്ഷണിക്കലാണ് ഞാൻ അവതരിപ്പിക്കുന്നത്. 16800 ഹെക്ടർ കൃഷിഭൂമിക്ക് ജലസേചനം നടത്താൻ കഴിയുന്നതാണ് നിർദ്ദിഷ്ട കുരിയാർകുറ്റി-കാരപ്പാറ പദ്ധതി. 6788 ഹെക്ടർ നെല്ല്, 5080 ഹെക്ടർ കരിമ്പ്, 2000 ഹെക്ടർ തെങ്ങ്, 815 ഹെക്ടർ ധാന്യം, മറ്റു വിവിധ കൃഷി ആവശ്യങ്ങൾക്ക് 2477 ഹെക്ടർ അങ്ങനെ 16800 ഹെക്ടർ കൃഷിഭൂമിക്ക് ജലസേചനം നടത്താൻ കഴിയുന്നതാണ് കുരിയാർകുറ്റി-കാരപ്പാറ പദ്ധതി. ഇന്ന് പാലക്കാട് ജില്ലയിലെ കിഴക്കൻ പ്രദേശമായ ചിറ്റൂർ താലൂക്ക് രൂക്ഷമായ വരൾച്ചയെ നേരിടുന്ന മേഖലയാണ്. കഴിഞ്ഞ വർഷം കേരളത്തിലാകെ മഴ

LIBRARY ARCHIVES Kerala Legislative Assembly

കുറഞ്ഞതിന്റെ ഭാഗമായി പ്രതിസന്ധി ഏറ്റവും ശക്തമായ രൂപത്തിൽ ഏറ്റുവാങ്ങിയ മേഖലയാണ് ചിറ്റൂർ താലൂക്ക്. കഴിഞ്ഞ രണ്ട് വർഷമായി ചിറ്റൂർ താലൂക്കിനെ വരൾച്ചബാധിത പ്രദേശമായി സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. ആ നിലയ്ക്ക് കാർഷിക മേഖല ആകെ പ്രതിസന്ധിയിലാണ്. ഈ പ്രതിസന്ധി പരിഹരിക്കാൻ കാരപ്പാറ പദ്ധതിക്ക് കഴിയുമായിരുന്നു. ഈ പദ്ധതിയുടെ പ്രവർത്തന പരിപാടി ആരംഭിച്ചിട്ട് ഏതാണ്ട് 37 വർഷമായി. 37 വർഷക്കാലമായിട്ട് അത് നടപ്പാക്കാൻ ആവശ്യമായ യാതൊരു നടപടിയും ഗവൺമെന്റ് ഭാഗത്തുനിന്നും മാതൃകാപരമായി പുർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെ തന്നെ 75 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻവേണ്ടി കഴിയുന്നതാണ് നിർദ്ദിഷ്ട പദ്ധതി. ഇന്ന് കേരളം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതിക്ഷാമം പരിഹരിക്കുന്നതുമായി ബന്ധപ്പെടുത്തി 75 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഒരു നിർദ്ദിഷ്ട പദ്ധതിയാണിത്. അവിടെ സംഭരിക്കുന്ന വെള്ളം വിതരണം ചെയ്യുന്നതിനായി 25 കി.മീറ്റർ ദൂരം കനാൽ വെട്ടി ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെടുത്തി 5 കോടിയോളം രൂപ ചെലവഴിച്ചുകൊണ്ട് കാമ്പറച്ചിറ പവർ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇപ്പോൾ കേന്ദ്രാനുമതി കിട്ടുന്നില്ല എന്ന കാര്യം പറഞ്ഞിട്ടാണ് ഈ പദ്ധതി ആരംഭിക്കാത്തത്. നിരവധി തവണ പദ്ധതിക്ക് അനുമതി നിഷേധിക്കുന്ന ഒരു സമീപനം സ്വീകരിക്കുന്നതിന്

10.00 a. m.] കേന്ദ്ര ഗവൺമെന്റ് പറയുന്ന കാര്യം 810 ഹെക്ടർ വനഭൂമി വെള്ളത്തിനടിയിൽ ആകുമെന്നതാണ്. യഥാർത്ഥത്തിൽ 690 ഹെക്ടർ ഭൂമി ഇവിടെ തോട്ടമാണ്. സ്വകാര്യ വ്യക്തികൾ ഗവൺമെന്റിന്റെ കൈയിൽ നിന്ന് നിർദ്ദിഷ്ട വനം പാട്ടത്തിനെടുത്ത് തോട്ടം വച്ച് പിടിപ്പിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ ഗവൺമെന്റിന് ഇതിന്റെ ഭാഗമായിട്ട് യാതൊരു നഷ്ടവും സംഭവിക്കാൻ പോകുന്നില്ല. 120 ഹെക്ടർ വനഭൂമി മാത്രമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ട് നഷ്ടപ്പെടുന്നത്. അത് പരിഹരിക്കുന്നതിനാവശ്യമായ ശക്തമായ നടപടി സ്വീകരിച്ചാൽ ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും. പക്ഷെ ആ നിലയിൽ കേന്ദ്ര ഗവൺമെന്റിന്റെ സംശയം ദൂരീകരിച്ച് പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നീക്കം ബന്ധപ്പെട്ട കേരളാ ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നില്ല. ഈ സഭയിൽ തന്നെ ഞാൻ ഇതിനുമുൻപ് ഈ വിഷയം സബ്മിഷനായിട്ട് ഉന്നയിച്ചതാണ്. ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിയാണ് ഇതിനെ സംബന്ധിച്ച് മറുപടി പറഞ്ഞത്, കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ അനുമതി നിഷേധിച്ചിട്ടുണ്ട്. വീണ്ടും പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ പുതുക്കിയ പ്രോജക്ട് അടിയന്തിരമായി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ച് സമ്മതപത്രം വാങ്ങിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന രൂപത്തിലാണ് പറഞ്ഞിട്ടുണ്ടായിരുന്നത്. പക്ഷെ ഇപ്പോഴും ആ ഒരു സമീപനം സ്വീകരിക്കുന്നില്ല. ഇപ്പോൾ ജലസേചനവും വൈദ്യുതി വകുപ്പും യോജിപ്പില്ലാത്തതിന്റെ ഭാഗമായി ഈ പദ്ധതി തടസ്സപ്പെട്ടുകിടക്കുന്ന ഒരു സ്ഥിതിവിശേഷമാണ് നമ്മുടെ നാട്ടിലുള്ളത്. കേരളത്തിന്റെ ജലസേചന മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെടുത്തിയിട്ടുള്ള മാതൃകാപരമായ നടപടി സ്വീകരിക്കുന്നതിനു പകരം

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുകൾ തമ്മിലുള്ള മൽസരം കിടമൽസരമായി ഈ പദ്ധതി തന്നെ തടസ്സപ്പെട്ടുപോകുന്ന സ്ഥിതിവിശേഷമാണ് നമ്മുടെ നാട്ടിൽ ഉയർന്നുവന്നിട്ടുള്ളത്. കേരളത്തിന്റെ തൊട്ട് അയൽസംസ്ഥാനങ്ങളിൽ ജലസേചന പദ്ധതികൾ ആയാലും അതുപോലെ വെള്ളം സംഭരിക്കുകയും അത് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് മാതൃകാപരമായ സമീപനം സ്വീകരിക്കുമ്പോൾ കേരളത്തിലെ ഗവൺമെന്റ് അതിലെ വകുപ്പുകൾ പരസ്പരം പഴിചാരി പദ്ധതികൾ പ്രാവർത്തികമാക്കാനാവശ്യമായ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്നില്ല. വകുപ്പുകൾ തമ്മിലുള്ള കിടമൽസരമാണ് ഈ കുരിയാർകുറ്റി-കാരപ്പാറ പദ്ധതി നടപ്പിലാകാതെ പോകുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം. അതുപോലെ ഈ പദ്ധതിയുടെ കൃത്യമായ പ്രോജക്ട് കേന്ദ്ര ഗവൺമെന്റിൽ കൊടുത്ത് സമ്മതിപത്രം വാങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നില്ല. വനം വെള്ളത്തിനടിയിലാകുമെന്ന് പറയുന്നത് കുരിയാർകുറ്റി-കാരപ്പാറ പദ്ധതി നടപ്പിലാകുമ്പോൾ ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെടുത്തി വെള്ളം കയറി, വെള്ളത്തിനടിയിലാകുന്ന തോട്ടം ഉടമകളുടെ വ്യക്തിപരമായ താൽപ്പര്യം സംരക്ഷിക്കുന്നതുമായി ബന്ധപ്പെടുത്തിയിട്ടാണ് ഈ പദ്ധതികൾക്ക് ഗുരുതരമായ വിഘാതം സൃഷ്ടിക്കുന്ന സമീപനം സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഈ പ്രശ്നങ്ങളെല്ലാം പരിഹരിച്ച് പാലക്കാട് ജില്ലയിലെ കിഴക്കൻ മേഖലയിലെ ജലസേചനത്തിനും 75 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനും കഴിയുന്ന ഈ പദ്ധതി അടിയന്തിരമായി പ്രാവർത്തികമാക്കാൻ ആവശ്യമായ നടപടി ബന്ധപ്പെട്ട വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കൽ ഇവിടെ അവതരിപ്പിച്ചുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, വകുപ്പുകളുടെ കിടമൽസരവും നാണ്യവിളകളുടെ ഉടമസ്ഥൻമാരേയും സംരക്ഷിക്കാനുള്ള ത്വരയോ ഒന്നുമല്ല ഇതിനകത്തുള്ള പ്രശ്നം. പ്രശ്നം ഒരുപക്ഷെ അദ്ദേഹത്തിനും അറിയാമായിരിക്കും. വസ്തുതകൾ ഏറെക്കുറെ ശരിയാണ് അദ്ദേഹം പറഞ്ഞത്. ചാലക്കുടിയിൽ, കാരപ്പാറ, കുരിയാർകുറ്റി നദികളിലെ ജലം അണകെട്ടിതിരിച്ചുവിട്ട്, പാലക്കാട് ജില്ലയിലെ 18578 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നതിനും 84 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിയാണ്. നാണ്യവിള തോട്ടങ്ങൾക്കായി ദശാബ്ദങ്ങൾക്ക് മുൻപ് പാട്ടത്തിന് നൽകിയ പ്രദേശങ്ങളും കേന്ദ്രവന സംരക്ഷണത്തിന്റെ പരിധിയിൽ വരുമെന്നുള്ള കേന്ദ്ര സർക്കാരിന്റെ നിലപാടിന്റെ വെളിച്ചത്തിൽ 823.87 ഹെക്ടർ സ്ഥലത്തിന് വനം ക്ളിയറൻസിനായി അപേക്ഷ നൽകിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ ആരെയും സംരക്ഷിക്കാനല്ല. അത് ഇങ്ങനെ കൊടുത്തുകഴിഞ്ഞാൽ എന്ത് നട്ടുപിടിപ്പിച്ചാലും അവരുടെ ദൃഷ്ടിയിൽ അത് വനമാണ്. അതിന് ക്ലിയറൻസ് തരണം. ക്ലിയറൻസ് തന്നെങ്കിലേ പറ്റൂ. അത് പല പ്രാവശ്യം പോയി പരാജയപ്പെട്ട് വന്നതാണ്. വീണ്ടും ഞങ്ങൾ എടുക്കുന്നുണ്ട്. നിലവിലുള്ള നിർമ്മാണ നിരക്കിൽ ഈ പദ്ധതിയ്ക്ക് വേണ്ടി വരുന്ന ഉദ്ദേശച്ചെലവ് 550 കോടി രൂപയാണ്. അതാണ് അതിന്റെ വേറൊരു

LIBRARY ARCHIVES Kerala Legislative Assembly

പ്രതിസന്ധി. ഇതിൽനിന്ന് പ്രതീക്ഷിക്കുന്ന വൈദ്യുതിയുൽപ്പാദനം 198 മില്യൺ യൂണിറ്റാണ്. ഈ പദ്ധതിയുടെ പകുതി ചെലവ് ജലസേചന വകുപ്പ് വഹിക്കാത്ത പക്ഷം ഈ പദ്ധതിയിൽ നിന്നുള്ള വൈദ്യുതി യൂണിറ്റ് 7 രൂപയിൽ അധികമാകുമെന്നതിനാൽ ഈ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സാങ്കേതിക അനുമതി, ടെക്നോ-ഇക്കണോമിക് ക്ലിയറൻസ് ലഭിക്കുകയില്ല. ഞങ്ങൾ രണ്ടുകൂട്ടരും കൂടി സഹകരിച്ച് ക്ലിയറൻസ് വാങ്ങിക്കാനാണ് ശ്രമിക്കുന്നത്. ആയതിനാൽ ജലസേചനവകുപ്പും വൈദ്യുതിബോർഡും ഈ പദ്ധതി എങ്ങനെ സംയുക്തമായി നടപ്പിലാക്കാമെന്ന് സർക്കാർ തലത്തിൽ പരിശോധിച്ച് വരികയാണ്. ഇതിനായി ഉദ്യോഗതലത്തിലും മന്ത്രിതലത്തിലും ചർച്ചകൾ നടന്നുകഴിഞ്ഞു. കൂടുതൽ പഠനങ്ങൾ കേന്ദ്ര ജലവിഭവ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനമായ "വാപ്കോസ്" എന്ന സ്ഥാപനത്തെ ഏൽപ്പിക്കുന്നതിന് പ്രാരംഭ നടപടികൾ എടുത്തുകഴിഞ്ഞു. പാലക്കാട് ജില്ലയിലെ ജലക്ഷാമത്തിന് പരിഹാരം കാണുന്നതിനും കൃഷിയ്ക്കും ഉതകുന്നതിനാവശ്യമായ ഈ പദ്ധതി നടപ്പിലാക്കാമെന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനുവേണ്ട നടപടികൾ നടത്തിവരുന്നു.

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> ഇത്തരം മറുപടികൾ ഏത് സമയത്ത് സബ്മിഷൻ ഉന്നയിച്ചാലും കാളിംഗ് അറ്റൻഷൻ ഉന്നയിച്ചാലും മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകും. ഞാൻ തന്നെ ഈ സഭയിൽ വന്നിട്ട് ആദ്യം ഒരു സബ്മിഷൻ ഉന്നയിച്ചു. സമാനമായ മറുപടിയായിരുന്നു മന്ത്രി പറഞ്ഞത്. ഇപ്പോഴും അതുതന്നെയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. സർ, എന്റെ ചോദ്യം ഇത് പൂർത്തീകരിച്ച് പ്രാവർത്തികമാക്കാൻവേണ്ടി കഴിയുമോ, ഒരു clear cut date ഇതിന്റെ ഭാഗമായിട്ട് പറയാൻ കഴിയുമോ?

<u>ശ്രീ. കടവൂർ ശിവദാസൻ:</u> ഇപ്പോൾ ഇവിടത്തെ കാര്യങ്ങളൊക്കെ നടത്താം. സെൻട്രൽ ഗവൺമെന്റിന്റെ ക്ലിയറൻസിന്റെ പ്രശ്നം കൂടിയുണ്ട്. അതുകൂടി അറിഞ്ഞിട്ടേ എനിക്ക് clear cut date പറയാൻ കഴിയൂ.

## (2) <u>ചാലക്കുടി നിയോജക മണ്ഡലത്തിലെ പുഴസംരക്ഷണവും ജലസേചനവുമായും ബന്ധപ്പെട്ട വിവിധ പദ്ധതികൾ പൂർത്തിയാക്കൽ</u>

<u>പ്രൊഫസർ സാവിത്രി ലക്ഷ്മണൻ:</u> സർ, ചാലക്കുടിപ്പുഴയും വെയിലിൽ ചന്ദനച്ചോലയെടി എന്ന–പാട്ടിന്റെ ഒരു അംശമാണ്, പാട്ടല്ല–ആ പാട്ടിലെ ആശയം ഇന്ന് അക്ഷരങ്ങളിൽ ഒതുങ്ങിപ്പോയിരിക്കുന്നു. വേനൽക്കാലത്ത് ചാലക്കുടിപ്പുഴയിൽ കൊടുംവരൾച്ചയാണ്. വർഷക്കാലത്താണെങ്കിൽ മഴവെള്ളം കരയിടിച്ച് കൂലംകുത്തിപ്പാഞ്ഞൊഴുകി കടലിൽ ചെന്ന് ചേരുകയും ചെയ്യുകയാണ്. ആ സ്ഥിതിയ്ക്ക് പ്രകൃതിയുടെ പ്രതിഭാസങ്ങളെ ഫലപ്രദമായ രീതിയിൽ വിനിയോഗിക്കാനുള്ള ഒരു പശ്ചാത്തലമാണ് നാം ഒരുക്കേണ്ടത്. ഈ വേനൽക്കാലത്തെ രൂക്ഷമായ വരൾച്ച ഒഴിവാക്കാൻവേണ്ടി വർഷക്കാലത്തെ വെള്ളം നമുക്ക് സ്റ്റോർ ചെയ്ത് ഉപയോഗിക്കാവുന്നതേയുള്ളൂ. എന്നാൽ ഈ ചാലക്കുടിപ്പുഴയിൽ അതിരപ്പിള്ളിയ്ക്ക് അടുത്ത് കണ്ണൻകുഴി എന്നുപറയുന്ന

LIBRARY ARCHIVES Kerala Legislative Assembly